**വളരെ അടിയന്തരം**

നം.ജെ1/34722/2016 പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,തീയതി 23.11.2018

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം : പഞ്ചായത്ത് വകുപ്പ് - നവകേരളം കർമ്മപദ്ധതി-നവംബർ 27,28 തീയതികളിലെ ദ്വിദിന ശില്പശാല-തൽസമയ സംപ്രേഷണവും ഫീഡ്ബാക്ക് രേഖപ്പെടുത്തുന്നതും-സംബന്ധിച്ച്

സൂചന : (1)സർക്കാരിന്റെ 22.11.2018 ലെ 478/ഡി.സി1/18/തസ്വഭവ നമ്പർ സർക്കുലർ
(2)23.11.2018 ലെ ഇതേ നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി 2018 നവംബർ 27,28 തീയതികളിൽ തിരുവനന്തപുരത്ത് നാലാഞ്ചിറയിലെ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടക്കുന്ന ദ്വിദിന ശില്പശാല, തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും തൽസമയം വീക്ഷിക്കുന്നതിനും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നതിനുമുള്ള സൗകര്യം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഏർപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്ത് /ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അടിയന്തരമായി നൽകേണ്ടതാണെന്ന് സൂചന(2)പ്രകാരം അറിയിച്ചിരുന്നെങ്കിലും ഇത് സംബന്ധിച്ച് പല ഗ്രാമ പഞ്ചായത്തുകൾക്കും വിവരം ലഭിച്ചിട്ടില്ല എന്ന് അറിയുന്നു.സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശവും വിവിധ സെഷനുകളുടെ സമയത്ത് വിവിധ മിഷനുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഉറപ്പാക്കേണ്ടതാണെന്നുമുള്ള നിർദ്ദേശവും സെക്രട്ടറിമാർക്ക് നൽകേണ്ടതാണ്. ശില്പശാലയ്ക്ക് മുന്നോടിയായി ഫീഡ്ബാക്ക് നടത്തുന്നതിനുള്ള സൗകര്യംകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. **ഗ്രാമ പഞ്ചായത്തുകൾ ഫീഡ്ബാക്ക് നടത്തുന്നത് സംബന്ധിച്ച നിർദ്ദേശം പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർമാർ മുഖാന്തരം എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഇന്നു തന്നെ നൽകേണ്ടതും ഗ്രാമ പഞ്ചായത്തുകൾ ഫീഡ്ബാക്ക് രേഖപ്പെടുത്തുന്നുണ്ടെന്നുള്ള വിവരം പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ ഉറപ്പു വരുത്തി ആയത് ADP മുഖേന dopj4section@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതുമാണ്.ഗ്രാമ പഞ്ചായത്തുകൾ വഴി ഫീഡ്ബാക്ക് രേഖപ്പെടുത്തുന്നതിൽ എല്ലാ DDP മാരും ADP മാരും വളരെയധികം ശ്രദ്ധ നൽകേണ്ടതാണ്.** ഇതുമായി സംശയങ്ങൾക്ക്

പഞ്ചായത്ത് ഡയറക്ടറേറ്റിലെ സിസ്റ്റംമാനേജറുമായി ബന്ധപ്പെടേണ്ടതാണ് (Phone No. 9947971555)

**ഗ്രാമ /ജില്ലാ പഞ്ചായത്ത് ജന പ്രതിനിധികൾക്ക് ഇത് സംബന്ധിച്ച അറിയിപ്പ് നൽകിക്കൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്ത് പ്രിന്റ് എടുത്ത് തദ്ദേശസ്ഥാപനത്തിലെ എല്ലാ ജനപ്രതിനിധികൾക്കും നൽകുന്നതിന് സെക്രട്ടറിമാരെ ചുമതലപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.പ്രസ്തുത കത്ത് ജനപ്രതിനിധികൾക്ക് നൽകിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ ഉറപ്പ് വരുത്തേണ്ടതാണ്..**

വിശ്വസ്തതയോടെ

(ഒപ്പ്)
എം.പി.അജിത്കുമാർ
പഞ്ചായത്ത് ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതലയുള്ള
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ